## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4067**

**20-03-2018 ൽ മറുപടിയ്ക്ക്**

## നെൽവയലുകൾക്ക് റോയൽറ്റി

**ചോദ്യം**

ശ്രീ.പി.ടി. തോമസ്
,, ഹൈബി ഈഡൻ
,, അനിൽ അക്കര
,, എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി ലാഭകരമല്ലാത്ത സാമ്പത്തിക പ്രവൃത്തിയായതിനാൽ നെൽവയലുകൾക്ക് റോയൽറ്റി ഏർപ്പെടുത്തുമെന്ന് ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നതായി സർക്കാരിനറിവുണ്ടോ; | (എ) | നെൽവയലുകൾക്ക് റോയൽറ്റി ഏർപ്പെടുത്തുമെന്ന് ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നു. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും ഭൂഗർഭജലത്തിന്റെ തോത് കുറയാതെ നിലനിർത്തുന്നതിനുമുള്ള നെൽ വയലുകളുടെ അതീവ പ്രാധാന്യം കണക്കിലെടുത്ത് പ്രകൃതിദത്തമായ ജല സംഭരണിയായ നെൽവയൽ സംരക്ഷിക്കുന്നത്, പ്രകൃതിയുടെ ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് നിലം ഉടമസ്ഥന് ഹെക്ടർ ഒന്നിന് 2500/- രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയപരമായ തീരുമാനം. ഇതനുസരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ റോയൽറ്റി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം റോയൽറ്റി എന്ന ആശയം ഈ വർഷം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | റോയൽറ്റി നൽകുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാർ നെൽകൃഷി സബ്സിഡിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പിൻവാങ്ങൽ സംസ്ഥാനത്തെ നെൽകർഷകരെ എപ്രകാരം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേന്ദ്ര സർക്കാർ നെൽ കൃഷിക്ക് നേരിട്ട് സബ്സിഡി നൽകുന്ന പദ്ധതി ഒന്നും നിലവിലില്ല. എന്നാൽ പ്രോജക്ട് അധിഷ്ഠിതമായി നടപ്പാക്കുന്ന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ 2017-18 വർഷത്തിൽ 180000 ഹെക്ടർ നെൽകൃഷിക്ക് ധനസഹായം നൽകുന്നതിനായി 8100 ലക്ഷം രൂപയ്ക്ക് പ്രോജക്ട് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. നിലവിൽ നെൽകർഷകർക്ക് നൽകി വന്നിരുന്ന ഹെക്ടർ ഒന്നിന് 6,000/- രൂപ വീതം നൽകുന്നതിൽ 4,500/- രൂപ ആർ.കെ.വി.വൈ. യിൽ നിന്നാണ് നൽകി വന്നിരുന്നത്. എന്നാൽ ഈ തുക ആർ.കെ.വി.വൈ. ഫണ്ടിൽ നിന്നും നൽകരുതെന്നാണ് കേന്ദ്രസർക്കാർ ഇപ്പോൾ നിഷ്കർഷിച്ചിരിക്കുന്നത്. ഇത് കേരളത്തിലെ നെൽകർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യത്തിൽ കുറവുവരാനിടവരുത്തും. നിലവിലുള്ള ആനുകൂല്യം നിലനിർത്താനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും അധിക തുക കണ്ടെത്തേണ്ട സ്ഥിതി വന്നിരിക്കുകയുമാണ്. വീണ്ടും 2017-18 ൽ എൻ.എഫ്.എസ്.എം പദ്ധതി നടപ്പിലാക്കുന്ന പാലക്കാട് ജില്ലയെ ഒഴിവാക്കിയും സംസ്ഥാനാവിഷ്കൃത പദ്ധതിയുമായി കോർത്തിണക്കിയും ഒരു ലക്ഷം ഹെക്ടർ നെൽകൃഷിക്കായി തയ്യാറാക്കിയ 4800 ലക്ഷം രൂപയുള്ള പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് പാഡി എന്ന പ്രോജക്ട് എസ്.എൽ.എസ്.സി യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.<br>2018-19 ൽ ആർ കെ വി വൈ പദ്ധതിയിൽ സഹായം ലഭിക്കാതെ വരുന്ന സാഹചര്യം സംജാതമായാൽ ആയത് സംസ്ഥാനത്തെ നെൽ കർഷകരെ ബാധിക്കാതിരിക്കുവാൻ സംസ്ഥാന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 5500/- രൂപ നിരക്കിൽ 60 കോടി രൂപയും തരിശ് നെൽകൃഷിക്ക് 12 കോടി രൂപയും |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2018-19 സംസ്ഥാന ബഡ്ജറ്റിൽ സുസ്ഥിര നെൽകൃഷിക്ക് പറഞ്ഞിരിക്കുന്ന ഹെക്ടറിനു 6000/- രൂപ നിരക്കിൽ നൽകുന്നതിനു അധികമായി 58.8 കോടി രൂപ സബ്ജക്ട് കമ്മിറ്റി മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ നെൽകൃഷി സബ്സിഡി യിൽ നിന്ന് പിൻവാങ്ങിയ സാഹചര്യ ത്തിൽ നെൽവയലുകൾക്ക് റോയൽറ്റി നൽകുവാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2018-19 വർഷത്തിൽ നെൽകൃഷിക്കാർക്ക് ആർ.കെ.വി.വൈ.പദ്ധതിയിൽ സബ്സിഡി അനുവദിക്കപ്പെടുമോ എന്ന ആശങ്ക നിലനിൽക്കുകയാൽ നെൽ കർഷകർക്കുള്ള സബ്സിഡി തുക പൂർണ്ണമായും സംസ്ഥാന പദ്ധതിയിൽ നിന്നും വകയിരുത്തേണ്ടിയിരി ക്കുന്നു. ഈ പശ്ചാത്തലത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം റോയൽറ്റി എന്ന ആശയം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ